(ഇ) പുനഃസംഘടന മൂലം എത്ര തസ്തികകൾ ഇല്ലാതാകുമെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(എഫ്) പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നു; അവ ഏതെല്ലാമാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ നിരവധി ഓഫീസുകൾ നിർത്തലാക്കാനും ആവശ്യകത മാത്രം കണക്കിലെടുത്ത് പുതിയ ഓഫീസുകൾ ആരംഭിക്കാനും ജീവനക്കാരുടെ ഘടന കുറഞ്ഞ രീതിയിൽ പുനഃസംഘടിപ്പിക്കാനും കഴിയുമെന്നു കരുതുന്നു.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ, എഫ്) പുനഃസംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമെടുത്തിട്ടില്ല.

മിനി സിവിൽ സ്റ്റേഷൻ കെട്ടിടം പണി തുടങ്ങുന്നതിനുള്ള നടപടി

17 [2314] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്ക് ആസ്ഥാനത്ത് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം പണി തുടങ്ങുന്നതിന് സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ വന്നിട്ടുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മിനി സിവിൽ സ്റ്റേഷൻ പണി ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 270 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കണ്ണാടിപ്പറമ്പ് സ്റ്റെപ്പ് റോഡ് പണി പൂർത്തിയാക്കാൻ നടപടി

18 [2315] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണാടിപ്പറമ്പ് സ്റ്റെപ്പ് റോഡ് ജനങ്ങൾക്ക് യാത്ര ചെയ്യാൻ കഴിയാത്തവിധം തകർന്നുകിടക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റോഡിന്റെ റിപ്പയർ പണിക്ക് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly